ഇരവിപുരം ഫിഷർമെൻ കോളനി നിവാസികൾക്ക് പട്ടയം

50 (3991) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ൽ ഉദ്ഘാടനം ചെയ്ത ഇരവിപുരം ഫിഷർമെൻ കോളനിയിലെ താമസക്കാരിൽ പതിനെട്ട് കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പട്ടയം നൽകാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരവിപുരം ഫിഷർമെൻ കോളനിയിൽ താമസിക്കുന്ന പട്ടയം ലഭിക്കാത്ത 18 പേർ മറ്റ് ചില വ്യക്തികളുടെ പേരിലുള്ള വസ്തുവിലാണ് താമസിക്കുന്നതെന്നാണ് അന്വേഷണത്തിൽ അറിഞ്ഞത്. പ്രസ്തുത സ്ഥലം ഗവൺമെന്റിന് സറണ്ടർ ചെയ്താൽ മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. ജില്ലാ കളക്ടറുമായി ആലോചിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊല്ലം-പരവൂർ തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനം

51 (3992) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം-പരവൂർ തീരദേശ റോഡ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മത്സ്യത്തൊഴിലാളി മേഖലയിലെ ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യ മാർക്കറ്റുകൾ, ഫിഷറീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു പ്രധാന റോഡുകൾ, പ്രധാന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന മത്സ്യമേഖലറോഡുകൾ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ മുതലായവയാണ് ഫിഷറീസ് വകുപ്പ്, ഫിഷറീസ് റോഡ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്നത്. ഈ ഇനത്തിൽ ഫിഷറീസ് വകുപ്പിന് ലഭിക്കുന്ന പരിമിതമായ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഇത്രയും ദൈർഘ്യമുള്ള ഒരു തീരദേശ റോഡ് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കുവാൻ നിവൃത്തിയില്ല.

പുതിയാപ്പ ഫിഷിംഗ് ഹാർബർമൂലം ലഭിച്ച വരുമാനം

52 (3993) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബർ ആരംഭിച്ചതിനുശേഷം എത്ര ടൺ മത്സ്യം ഹാർബറിൽ അടുപ്പിച്ച ബോട്ടുകളിൽ നിന്നും വള്ളങ്ങളിൽനിന്നും ഇറക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ വർഷത്തിലേയും കണക്ക് പ്രത്യേകം പ്രത്യേകമായി മേശപ്പുറത്ത് വയ്ക്കാമോ ;

(സി) ഇതിന്റെ ഫലമായി ഫിഷറീസ് വകുപ്പിന് എന്ത് വരുമാനം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 107155 ടൺ മത്സ്യം.

(ബി) വയ്ക്കാം.

1996	...	13610 ടൺ
1997	...	16560 ടൺ
1998	...	15765 ടൺ
1999	...	14830 ടൺ
2000	...	14640 ടൺ
2001	...	16695 ടൺ
2002	...	15055 ടൺ

(സി) ഹാർബറിൽനിന്നും യൂസ്സേഴ്സ് ഫീ ഇനത്തിൽ ഒരു കോടി പതിനാറ് ലക്ഷം രൂപ (1,16,00,000) നാളിതുവരെ സർക്കാർ ഖജനാവിൽ അടച്ചിട്ടുണ്ട്.

ടൂറിസം മേഖലയിൽ നിക്ഷേപ സാദ്ധ്യത

53 (3994) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ സ്വകാര്യമേഖലാ പങ്കാളിത്തത്തോടെയുള്ള നിക്ഷേപസാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി കണ്ടെത്തിയിട്ടുള്ള മേഖലകൾ ഏതൊക്കെയാണ് ; ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിസോർട്ടുകൾ, ഗോൾഫ് കോഴ്സുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ, ഫാമിലി എന്റർട്ടൈൻമെന്റ് സെന്റർ, മറൈൻ അക്വേറിയം, ആയുർവ്വേദ സെന്ററുകൾ, എയർ-ടാക്സി മുതലായ മേഖലകളിൽ നിക്ഷേപ സാദ്ധ്യതകൾ കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly